**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3893** **06-08-2021 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മൈനർ ഇറിഗേഷൻ സബ്ഡിവിഷന്റെ അധികാര പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മൈനർ ഇറിഗേഷൻ സബ്ഡിവിഷന്റെ അധികാര പരിധിയിൽ ഏതെല്ലാം താലൂക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്; പ്രസ്തുത സബ്ഡിവിഷനിൽ ഏതെല്ലാം പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ട്; ഒന്നിലധികം മണ്ഡലങ്ങൾ ഈ സബ്ഡിവിഷന് കീഴിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഷൊർണ്ണൂർ മൈനർ ഇറിഗേഷൻ സബ് ഡിവിഷന്റെ അധികാര പരിധിയിൽ ഒറ്റപ്പാലം, പട്ടാമ്പി എന്നീ താലൂക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. വാണിയംകുളം, ആനക്കര, ചാലിശ്ശേരി, കപ്പൂർ, നാഗലശ്ശേരി, പട്ടിത്തറ, തിരുമിറ്റക്കോട്, തൃത്താല അമ്പലപ്പാറ, ചെർപ്പുളശ്ശേരി, കുലുക്കല്ലൂർ, നെല്ലായ, പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം, തൃക്കടേരി, വല്ലപ്പുഴ, വെള്ളിനേഴി, കൊപ്പം, മുതുതല, പരുതൂർ, തിരുവേഗപ്പുറ, വിളയൂർ, അനങ്ങനടി, ചളവറ, ലക്കിടി-പേരൂർ, ഓങ്ങല്ലൂർ, എന്നീ പഞ്ചായത്തുകളും ഷൊർണ്ണൂർ മൈനർ ഇറിഗേഷൻ സബ് ഡിവിഷനിൽ ഉൾപ്പെട്ടിട്ടുണ്ട്. ഒന്നിലധികം മണ്ഡലങ്ങൾ ഈ സബ് ഡിവിഷനു കീഴിലുണ്ട്. ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി, തൃത്താല എന്നീ മണ്ഡലങ്ങളാണ് ഈ സബ് ഡിവിഷന് കീഴിലുള്ളത്. |
| (ബി) | ഷൊർണ്ണൂർ മൈനർ ഇറിഗേഷൻ സബ്ഡിവിഷന് കീഴിൽ നടന്നു വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് താലൂക്കടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; ഇവയിൽ എത്ര ശതമാനം പ്രവൃത്തികൾ പട്ടാമ്പി താലൂക്കിൽ ഉള്ളവയാണെന്ന് വിശദമാക്കാമോ; പട്ടാമ്പി താലൂക്ക് പരിധിയിലെ ഓരോ പഞ്ചായത്തും മൈനർ ഇറിഗേഷൻ വകുപ്പിന്റെ ഏത് സെക്ഷനിൽ വരുമെന്നുള്ളത് വിശദമാക്കാമോ? | (ബി) | ഷൊർണ്ണൂർ മൈനർ ഇറിഗേഷൻ സബ് ഡിവിഷനു കീഴിൽ നടന്നുവരുന്ന താലൂക്ക് അടിസ്ഥാനത്തിലുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു. ഇവയിൽ 69.70% പ്രവൃത്തികൾ പട്ടാമ്പി താലൂക്കിൽ ഉള്ളവയാണ്.പട്ടാമ്പി താലൂക്ക് പരിധിയിലെ ഓരോ പഞ്ചായത്തും മൈനർ ഇറിഗേഷൻ വകുപ്പിന്റെ ഏതു സെക്ഷനിൽ വരുമെന്നുള്ളതിന്റെ വിശാദംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ